LIBRARY ARCHIVES Kerala Legislative Assembly

ചെറായി 110 കെ.വി. സബ് സ്റ്റേഷൻ

116 (483) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറായി 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട്, ഹൈക്കോടതി നിർദ്ദേശപ്രകാരം എറണാകുളം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് നിയോഗിച്ച അഡ്വക്കേറ്റ് കമ്മീഷന് റിപ്പോർട്ട് ഹാജരാക്കുന്നതിന് സമയപരിധി നിശ്ചയിച്ചുനൽകിയിരുന്നുവോയെന്ന് വ്യക്തമാക്കാമോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത അഡ്വക്കേറ്റ് കമ്മീഷൻ, റിപ്പോർട്ട് സമർപ്പിക്കൽ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്.

(സി) കേസിന്റെ നടത്തിപ്പിനായി ആവശ്യമായ എല്ലാ വിവരങ്ങളും അഡ്വക്കേറ്റ് കമ്മീഷന് യഥാസമയം കെ.എസ്.ഇ.ബി.എൽ.-ന്റെ ഭാഗത്തുനിന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 23-7-2013-ലെ അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ഉത്തരവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിനോട് 2 മാസത്തിനുള്ളിൽ original route-ന്റെയും proposed route-ന്റെയും വിശദമായ സർവ്വേയും താരതമ്യപഠനവും നടത്തി റിപ്പോർട്ട് സമർപ്പിക്കാനും അതിന്റെ പകർപ്പ് അഡ്വക്കേറ്റ് കമ്മീഷനും എതിർകക്ഷികളുടെ അഡ്വക്കേറ്റിനും സമർപ്പിക്കുവാനും നിർദ്ദേശിച്ചതനുസരിച്ച് എല്ലാ വിവരങ്ങളും കെ.എസ്.ഇ.ബി.എൽ. ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ വൈദ്യുതി നിയമ ഭേദഗതി 2015

117 (484) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ വൈദ്യുതി നിയമ ഭേദഗതി 2015 ന്റെ വിപത്തുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിപത്തുകൾ തരണം ചെയ്യാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ;

(സി) പുതിയ നിയമഭേദഗതി കരടിന് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനങ്ങളെ ദോഷകരമായി ബാധിക്കുന്ന ചില നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 ഭേദഗതി ചെയ്തുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. ഇതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. കേന്ദ്ര സർക്കാർ നടപടിക്രമങ്ങൾ പൂർത്തിയാക്കി ബിൽ നിയമമായി നിലവിൽവന്നശേഷമേ അത് നടപ്പിലാക്കുന്നത് മൂലമുണ്ടാകുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാവൂ. ഇലക്ട്രിസിറ്റി നിയമം 2003 ഭേദഗതി ചെയ്യുന്നതിന് മുന്നോടിയായി 19-12-2014-ൽ ഇലക്ട്രിസിറ്റി (ഭേദഗതി) ബിൽ 2014 ലോകസഭയിൽ അവതരിപ്പിക്കുകയും തുടർന്ന് സ്റ്റാൻഡിംഗ് കമ്മിറ്റി (ഊർജ്ജം)-യുടെ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി സമർപ്പിക്കുകയും ചെയ്തു. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നിരീക്ഷണത്തിന്റെയും/ശിപാർശകളുടെയും തുടർന്നുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിൽ പുതുക്കിയ (revised) കരട് ഭേദഗതി ശിപാർശ (draft Electricity (Amendment) Bill, 2014) സംസ്ഥാന സർക്കാരുകളുടെ അഭിപ്രായത്തിനായി കേന്ദ്രസർക്കാരിന്റെ ഊർജ്ജ മന്ത്രാലയം ലഭ്യമാക്കിയിരുന്നു. കരട് ബില്ലിന്മേലുള്ള സംസ്ഥാനത്തിന് ദോഷകരമായേക്കാവുന്ന നിർദ്ദേശങ്ങളും അത് സംബന്ധിച്ചുള്ള സർക്കാരിന്റെ അഭിപ്രായവും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

തിരുനെൽവേലി-കൊച്ചി 400 കെ.വി. ലൈൻ

118 (485) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടങ്കുളം ആണവനിലയത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള തിരുനെൽവേലി മുതൽ കൊച്ചിവരെയുള്ള 400 കെ.വി. ലൈൻ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്;

(ബി) ഈ ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly